**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 469** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ഫീനിക്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എ. രാജ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗ്ലോബൽ കേരള ഇനിഷ്യേറ്റീവ്-കേരളീയത്തിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി ഓപ്പറേഷൻ ഫീനിക്സ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ലഹരി വ്യാപനം തടയുന്നതിന് പോലീസ്, എക്സൈസ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെയെല്ലാം കൂട്ടായ പ്രവർത്തനങ്ങൾ നിർണ്ണായകമാണ്.<br><br>കേരള പോലീസ്, റെയിൽവെ, എക്സൈസ്, തദ്ദേശ സ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹായത്തോടെ Global Kerala Initiative (KERALEEYAM) എന്ന സംഘടന (NGO) സംസ്ഥാനത്തെ ലഹരി എന്ന വിപത്തിനെ തടയുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഒരു പദ്ധതിയാണ് ഓപ്പറേഷൻ ഫീനിക്സ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം സൗത്ത്, തൃശ്ശൂർ, കണ്ണൂർ തുടങ്ങി ജനസാന്ദ്രത കൂടിയ അഞ്ച് പ്രധാന റെയിൽവെ സ്റ്റേഷനുകളുമായി ബന്ധപ്പെട്ടാണ് ഈ പദ്ധതി പ്രവർത്തിച്ചിരുന്നത്.<br><br>2024 ജനുവരി മാസത്തിലാണ് ഈ പദ്ധതി ആരംഭിച്ചത്. ഇന്നത്തെ തലമുറയിലെ കുട്ടികൾ, യുവാക്കൾ ഉൾപ്പെടെയുള്ളവരിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെ തടയുന്നതിന് ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങളും ലഹരിക്ക് അടിമപ്പെട്ടവർക്ക് ആവശ്യമായ ചികിത്സ നൽകുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യം ഇട്ടിരുന്നത്. കൂടാതെ സ്കൂൾ, കോളേജ് തലങ്ങളിലെ പ്രവർത്തനങ്ങളിലൂടെ ലഹരി ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള ശ്രമവും ആരംഭിച്ചിരുന്നു. |
| (ബി) | കേരളീയം എന്നു മുതലാണ് ആരംഭിച്ചതെന്നും നിലവിലെ പുരോഗതി എന്താണെന്നും പദ്ധതിയിൽ ആരെല്ലാം പങ്കാളികളാണെന്നും വ്യക്തമാക്കുമോ; | (ബി) | ലഹരി വ്യാപനം തടയുന്നതിന് പോലീസ്, എക്സൈസ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങൾ എന്നിവരുടെയെല്ലാം കൂട്ടായ പ്രവർത്തനങ്ങൾ നിർണ്ണായകമാണ്.<br><br>കേരള പോലീസ്, റെയിൽവെ, എക്സൈസ്, തദ്ദേശ സ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹായത്തോടെ Global Kerala Initiative (KERALEEYAM) എന്ന സംഘടന (NGO) സംസ്ഥാനത്തെ ലഹരി എന്ന വിപത്തിനെ തടയുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഒരു പദ്ധതിയാണ് ഓപ്പറേഷൻ ഫീനിക്സ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം സൗത്ത്, തൃശ്ശൂർ, കണ്ണൂർ തുടങ്ങി ജനസാന്ദ്രത കൂടിയ അഞ്ച് പ്രധാന റെയിൽവെ സ്റ്റേഷനുകളുമായി ബന്ധപ്പെട്ടാണ് ഈ പദ്ധതി പ്രവർത്തിച്ചിരുന്നത്.<br><br>2024 ജനുവരി മാസത്തിലാണ് ഈ പദ്ധതി ആരംഭിച്ചത്. ഇന്നത്തെ തലമുറയിലെ കുട്ടികൾ, യുവാക്കൾ ഉൾപ്പെടെയുള്ളവരിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെ തടയുന്നതിന് ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങളും ലഹരിക്ക് അടിമപ്പെട്ടവർക്ക് ആവശ്യമായ ചികിത്സ നൽകുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യം ഇട്ടിരുന്നത്. കൂടാതെ സ്കൂൾ, കോളേജ് തലങ്ങളിലെ പ്രവർത്തനങ്ങളിലൂടെ ലഹരി ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള ശ്രമവും ആരംഭിച്ചിരുന്നു. |
| (സി) | സംസ്ഥാനത്തെ ലഹരിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ എന്തെല്ലാം ബോധവത്ക്കരണ പദ്ധതികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ലഹരി ഉപയോഗത്തിലെ അന്തർദേശീയ ഇടപെടലുകളായ **Source Reduction, Demand Reduction, Harm Reduction** എന്നീ 3 തന്ത്രങ്ങളും സമന്വയിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനമാണ് പോലീസ് സ്വീകരിക്കുന്നത്.<br><br>സമൂഹവുമായി ഇഴചേർന്ന് പ്രവർത്തിക്കുന്ന കുടുംബശ്രീ അംഗങ്ങൾ, ആശാ വർക്കേഴ്സ്, ജനപ്രതിനിധികൾ തുടങ്ങിയവർക്ക് ലഹരിയെ കുറിച്ചുള്ള ബോധവൽക്കരണം നടത്തി അവരിലൂടെ ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സയിലേക്ക് എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ് വകുപ്പിലെ ക്രമസമാധാന ചുമതലയുള്ള അഡീഷണൽ ഡയറക്ടർ ജനറലിനെ ആണ് ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.<br><br>അതിതീവ്ര മത്സരാധിഷ്ഠിത ജീവിതവും കുട്ടികളെ അസ്വസ്ഥപ്പെടുത്തുന്ന ഒപ്പമുള്ളവർ ശത്രുക്കൾ എന്ന ചിന്തയിലേക്ക് നയിക്കാനിടയാകുന്ന ജീവിത സാഹചര്യവും പരിശോധിക്കപ്പെടണം. വീട്ടിലെ മുറി |

| | | | |
|---|---|---|---|
| | | | എന്ന പെട്ടിയിൽ നിന്ന് സ്കൂൾ ബസ് എന്ന പെട്ടിയിലേക്കും അതിൽ നിന്നു ക്ലാസ്സുറി എന്ന പെട്ടിയിലേക്കും കൈമാറ്റം ചെയ്യപ്പെടുന്ന ബാല്യം ഒരു ഡിജിറ്റൽ ലോകത്തേക്ക് ഒതുങ്ങുന്നു. ഡിജിറ്റൽ അഡിക്ഷൻ ആവുന്നു. അതിൽ നിന്ന് അടർത്തി മാറ്റാൻ ശ്രമിക്കുന്നവർ അവന്റെ ശത്രുക്കളാകുന്നു.<br><br>അധ്യാപകനും വിദ്യാർത്ഥിയും തമ്മിലും രക്ഷകർത്താക്കളും കുട്ടികളും തമ്മിലുമുള്ള ബന്ധത്തിൽ വരുന്ന മാറ്റങ്ങൾ അങ്ങനെ കാരണങ്ങൾ പലതുണ്ട്.<br><br>മയക്കമരുന്ന് തീർച്ചയായും പ്രധാന കാരണങ്ങളിലൊന്നാണ്. അത് തുടച്ചുനീക്കുക തന്നെ വേണം. കക്ഷിരാഷ്ട്രീയഭേദമില്ലാത്ത ഒരുമയാണിവിടെ ആവശ്യം.<br><br>സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള ക്യാമ്പസിനു മാത്രമേ അരാജക പ്രവണതകളെ തടയാനാവുകയുള്ളൂ. അതിന് ക്യാമ്പസ്സുകളിൽ നമ്മുടെ കുഞ്ഞുങ്ങൾ സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്തുതന്നെ പോകേണ്ടതുണ്ട്. നാളത്തെ സമൂഹത്തെ നയിക്കേണ്ട വിദ്യാർത്ഥികൾ ജനാധിപത്യ ബോധ്യങ്ങളെ ഉൾക്കൊണ്ട്, ശാസ്ത്രീയ കാഴ്ചപ്പാടോടെ വളരേണ്ടതുണ്ട്.<br><br>സാംസ്കാരിക പ്രവർത്തനങ്ങൾ, കായിക പ്രവർത്തനങ്ങൾ, യോഗ തുടങ്ങിയ പാഠ്യേതര വിഷയങ്ങളിലെ പങ്കാളിത്തത്തിനും നിർണ്ണായകമായ പങ്ക് വഹിക്കുവാൻ കഴിയും.<br><br>എല്ലാവരും ഈ വിപത്തിനെതിരെ ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ സർക്കാർ മുൻകൈ എടുക്കും.<br><br>ഇക്കാര്യത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും സുപ്രധാന പങ്കുണ്ട്. ഇതിനായി വിദ്യാർത്ഥി-യുവജന സംഘടനകൾ, സിനിമാ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകൾ, അദ്ധ്യാപക-രക്ഷാകർതൃ സംഘടനകൾ എന്നിവയുടെ യോഗം ചേർന്ന് വിപുലമായ കർമ്മപദ്ധതി സർക്കാർ തയ്യാറാക്കും. |
| (ഡി) | ഇത്തരത്തിലുള്ള വ്യത്യസ്തങ്ങളായ ലഹരിവിരുദ്ധ കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സംസ്ഥാന പോലീസ് സേന വഹിക്കുന്ന പങ്ക് വെളിപ്പെടുത്താമോ? | (ഡി) | ലഹരി ഉപയോഗത്തിലെ അന്തർദേശീയ ഇടപെടലുകളായ **Source Reduction, Demand Reduction, Harm Reduction** എന്നീ 3 തന്ത്രങ്ങളും സമന്വയിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനമാണ് പോലീസ് സ്വീകരിക്കുന്നത്. |

സമൂഹവുമായി ഇഴചേർന്ന് പ്രവർത്തിക്കുന്ന കുടുംബശ്രീ അംഗങ്ങൾ, ആശാ വർക്കേഴ്സ്, ജനപ്രതിനിധികൾ തുടങ്ങിയവർക്ക് ലഹരിയെ കുറിച്ചുള്ള ബോധവൽക്കരണം നടത്തി അവരിലൂടെ ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സയിലേക്ക് എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ് വകുപ്പിലെ ക്രമസമാധാന ചുമതലയുള്ള അഡീഷണൽ ഡയറക്ടർ ജനറലിനെ ആണ് ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

അതിതീവ്ര മത്സരാധിഷ്ഠിത ജീവിതവും കുട്ടികളെ അസ്വസ്ഥപ്പെടുത്തുന്ന ഒപ്പമുള്ളവർ ശത്രുക്കൾ എന്ന ചിന്തയിലേക്ക് നയിക്കാനിടയാകുന്ന ജീവിത സാഹചര്യവും പരിശോധിക്കപ്പെടണം. വീട്ടിലെ മുറി എന്ന പെട്ടിയിൽ നിന്ന് സ്കൂൾ ബസ് എന്ന പെട്ടിയിലേക്കും അതിൽ നിന്നു ക്ലാസ്സുറി എന്ന പെട്ടിയിലേക്കും കൈമാറ്റം ചെയ്യപ്പെടുന്ന ബാല്യം ഒരു ഡിജിറ്റൽ ലോകത്തേക്ക് ഒതുങ്ങുന്നു. ഡിജിറ്റൽ അഡിക്ഷൻ ആവുന്നു. അതിൽ നിന്ന് അടർത്തി മാറ്റാൻ ശ്രമിക്കുന്നവർ അവന്റെ ശത്രുക്കളാകുന്നു.

അധ്യാപകനും വിദ്യാർത്ഥിയും തമ്മിലും രക്ഷകർത്താക്കളും കുട്ടികളും തമ്മിലുമുള്ള ബന്ധത്തിൽ വരുന്ന മാറ്റങ്ങൾ അങ്ങനെ കാരണങ്ങൾ പലതുണ്ട്.

മയക്കുമരുന്ന് തീർച്ചയായും പ്രധാന കാരണങ്ങളിലൊന്നാണ്. അത് തുടച്ചുനീക്കുക തന്നെ വേണം. കക്ഷിരാഷ്ട്രീയഭേദമില്ലാത്ത ഒരുമയാണിവിടെ ആവശ്യം.

സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള ക്യാമ്പസിനു മാത്രമേ അരാജക പ്രവണതകളെ തടയാനാവുകയുള്ളൂ. അതിന് ക്യാമ്പസ്സുകളിൽ നമ്മുടെ കുഞ്ഞുങ്ങൾ സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്തുതന്നെ പോകേണ്ടതുണ്ട്. നാളത്തെ സമൂഹത്തെ നയിക്കേണ്ട വിദ്യാർത്ഥികൾ ജനാധിപത്യ ബോധ്യങ്ങളെ ഉൾക്കൊണ്ട്, ശാസ്ത്രീയ കാഴ്ചപ്പാടോടെ വളരേണ്ടതുണ്ട്.

സാംസ്കാരിക പ്രവർത്തനങ്ങൾ, കായിക പ്രവർത്തനങ്ങൾ, യോഗ തുടങ്ങിയ പാഠ്യേതര വിഷയങ്ങളിലെ പങ്കാളിത്തത്തിനും നിർണ്ണായകമായ പങ്ക് വഹിക്കുവാൻ കഴിയും.

എല്ലാവരും ഈ വിപത്തിനെതിരെ ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അതിനാവശ്യമായ എല്ലാ

| | | | |
|---|---|---|---|
| | | | നടപടികളും സ്വീകരിക്കാൻ സർക്കാർ മുൻകൈ എടുക്കും.<br><br>ഇക്കാര്യത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും സുപ്രധാന പങ്കുണ്ട്. ഇതിനായി വിദ്യാർത്ഥി-യുവജന സംഘടനകൾ, സിനിമാ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകൾ, അദ്ധ്യാപക-രക്ഷാകർതൃ സംഘടനകൾ എന്നിവയുടെ യോഗം ചേർന്ന് വിപുലമായ കർമ്മപദ്ധതി സർക്കാർ തയ്യാറാക്കും. |

സെക്ഷൻ ഓഫീസർ